ന്മാരുടെയും മറ്റും പ്രസ്താവനകൾ ഞാൻ പത്രത്തിൽ കൂടി വായിക്കുകയുണ്ടായി. അവർ എല്ലാവരുംതന്നെ ഈ നിരോധനത്തെ ശക്തമായി എതിർത്തതായിട്ടാണ് ഞാൻ പ്രസ്താവന കണ്ടത്. അതുകൊണ്ട് ഐകകണ്ഠ്യേന ഒരു പ്രമേയം ഈ സഭ പാസാക്കിയെടുക്കുന്നത് എല്ലാംകൊണ്ടും ഗുണം ചെയ്യും എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഞാൻ ഭരണകക്ഷി, പ്രതിപക്ഷ കക്ഷി, രാജ്യസഭ, ലോക്സഭ എന്നൊന്നും നോക്കാതെ എല്ലാവർക്കും കത്ത് കൊടുത്തിട്ടുണ്ട്. അവർ എല്ലാവരും അവിടെ ഒന്നിച്ച് നിൽക്കുമെന്ന് എനിക്കറിയാം, കാരണം നമ്മൾ തമ്മിൽ ഒരു അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ഒരു യുനാനിമസ് റെസൊല്യൂഷൻ ഇക്കാര്യത്തിൽ ഈ നിയമ സഭ പാസ്സാക്കുന്നതിനോട് അനുകൂലമാണെന്നു മാത്രമല്ല. അതിനുവേണ്ടി ഞാൻ ആഗ്രഹിക്കുകയാണ്. എങ്ങനെ വേണമെങ്കിലും പാസ്സാക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ നമുക്ക് ഇക്കാര്യം ചർച്ച ചെയ്യാം.

ശ്രീ. പി.സി. ജോർജ് : സർ, ഈ സഭയിൽ ഇപ്പോൾ ഒരു അടിയന്തിരപ്രമേയം ഉന്നയിക്കുകയുണ്ടായി. ആ അടിയന്തിര പ്രമേയത്തോടനുബന്ധിച്ചുള്ള വാക്കൗട്ടും, പ്രതിപക്ഷകക്ഷി നേതാക്കന്മാരുടെ പ്രസംഗവും നമ്മൾ ശ്രദ്ധിച്ചതാണ്. പ്രതിപക്ഷനേതാവ് ശ്രീമാൻ എ.കെ. ആന്റണി പ്രസംഗത്തിൽ മുഖ്യമന്ത്രിയോടുള്ള നയത്തിൽ പ്രതിഷേധിച്ച് സഭാനടപടികൾ ബഹിഷ്കരിക്കുന്നു എന്നുപറഞ്ഞാണ് ഇറങ്ങിപ്പോയത്. സഭാരേഖ നോക്കണം, അങ്ങനെ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയാൽ വീണ്ടും അദ്ദേഹം ഈ സഭയിൽ കയറിയിരിക്കുന്നത് ഓർഡറിലല്ല. അദ്ദേഹം സഭയിൽ നിന്നാണ് ഇറങ്ങിപ്പോയത്.

മി. ചെയർമാൻ : പറഞ്ഞ ഉടനെതന്നെ വാക്കൗട്ടാണെന്ന് തിരുത്തി പറഞ്ഞിട്ടുണ്ട്.

ശ്രീ. പി.സി. ജോർജ് : കക്ഷി നേതാക്കൻമാർ പറഞ്ഞത് വാക്കൗട്ട് നടത്തുന്നു എന്നാണ്, പ്രതിപക്ഷ നേതാവ് മാത്രം സഭാനടപടികൾ ബഹിഷ്കരിച്ചിരിക്കുന്നു എന്നു പറഞ്ഞ് ഇറങ്ങിപ്പോയി, അപ്പോൾ ഇന്ന് കയറാൻ പാടില്ല.

പ്രതിപക്ഷ നേതാവ് : (ശ്രീ. എ.കെ ആന്റണി) ഞാൻ ബഹിഷ്കരിക്കുന്നു എന്നുപറഞ്ഞ ഉടനെതന്നെ വാക്കൗട്ട് എന്നും പറഞ്ഞു.

2. കുടിയേറ്റ കർഷകർക്ക് പട്ടയം ലഭിക്കുന്നതിന് ഒരു നിശ്ചിതതുക നഷ്ടപരിഹാരമായി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.എം. അഗസ്തി : സർ, കുടിയേറ്റ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകണമെന്ന ദീർഘകാലമായ ആവശ്യം സാധുതപ്രായമാകുന്ന അവസരത്തിൽ കൃഷിക്കാർക്ക് ദോഷകരമായി റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ഉണ്ടായിരിക്കുന്ന ചില ഉത്തരവുകൾ പുനഃപരിശോധിക്കണം എന്ന വിഷയമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും അതുപോലെ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. എഴുതിതയ്യാറാക്കികൊണ്ടുവന്ന ഒരു മറുപടി ഉണ്ടെങ്കിലും, ഞാൻ ഈ അവതരിപ്പിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഉണ്ടാവണം എന്നുള്ളതുകൊണ്ടാണ് അദ്ദേഹം ഈ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. 19.11.1999-ലെ ജി.ഒ.എം.എസ്. നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

461/99 എന്ന നമ്പരിൽ സ്പെഷ്യൽ സെക്രട്ടറി ഫോർ റവന്യൂ ശ്രീ. വി.എസ് സെന്തിൽ പുറപ്പെടുവിച്ചിരിക്കുന്ന ഒരു ഉത്തരവ് കുടിയേറ്റ കർഷകരെയാകെ നിരാശരാക്കുന്നതാണ്. ഈ ഉത്തരവുപ്രകാരം കുടിയേറ്റ കൃഷിക്കാർ അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് ഏക്കർ ഒന്നിന് അയ്യായിരം രൂപാവച്ച് നഷ്ടപരിഹാരം കൊടുക്കണമെന്നാണ് വ്യവസ്ഥ. ഈ പട്ടയ നടപടികൾക്ക് കേരള സംസ്ഥാനത്തോളം തന്നെ പഴക്കമുണ്ട്. ഹൈറേഞ്ചിലെ കുടിയേറ്റ കൃഷിക്കാർ വനംകൊള്ളക്കാരാണെന്നും ജനദ്രോഹികളാണെന്നുമുള്ള സമീപനം ഉണ്ടായിരുന്നു. പക്ഷെ ഭക്ഷ്യധാന്യ ഉല്പാദനം വർധിപ്പിക്കുന്നതിനുവേണ്ടി കേരളാ ഗവൺമെന്റ് തന്നെ പ്രോൽസാഹിപ്പിച്ച് അങ്ങനെ കുടിയേറ്റം നടത്തിയ കൃഷിക്കാർ പലപ്പോഴും ഗവൺമെന്റുകളുടെ സമീപനം മാറുന്നതിനനുസരിച്ച് കുടിയിറക്ക് ഭീഷണിയിലായിരുന്നു. ഈ ഭീഷണിക്ക് പരിഹാരം ഉണ്ടാക്കിയത് 1978-ൽ ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ ഗവൺമെന്റാണ്. 1.1.1977- നു മുമ്പുള്ള മുഴുവൻ കുടിയേറ്റ കൃഷിക്കാരെയും അംഗീകരിക്കാനും, അവരുടെ ഭൂമിക്ക് പട്ടയം നൽകാനുമുള്ള നയപരമായ തീരുമാനം കൈക്കൊണ്ടു. അതിനു മുമ്പും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1969-ൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്നു ഞാൻ. ഇപ്പോൾ പ്രതിനിധാനം ചെയ്യുന്ന ഉടുമ്പൻചോല നിയോജകമണ്ഡലം പ്രതിനിധാനം ചെയ്തിരുന്ന ബഹുമാന്യനായ ശ്രീ. കെ.ടി. ജേക്കബ്. അദ്ദേഹമാണ് പട്ടയ നടപടികൾക്ക് തുടക്കം കുറിച്ചത്. പക്ഷെ 1980-ൽ നമ്മുടെ രാജ്യത്ത് നിലവിൽവന്ന കേന്ദ്ര വനസംരക്ഷണ നിയമത്തിലെ രണ്ടാം വകുപ്പുപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ വനഭൂമി എന്ന് വിവക്ഷിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് എന്തെങ്കിലും അധികാരം സ്ഥാപിക്കുന്നതിനോ അധികാരം കൈമാറുന്നതിനോ സംസ്ഥാന ഗവൺമെന്റുകൾക്ക് കഴിയാതെ വന്നു. അതിന് പരിഹാരം കാണുന്നതിന് ഈ സംസ്ഥാനം ഭരിച്ചിരുന്ന എല്ലാ ഗവൺമെന്റുകളും ഇപ്പോൾ ഭരിക്കുന്ന ഗവൺമെന്റും ഞങ്ങളുടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റും നിരന്തരം ശ്രമം നടത്തിക്കൊണ്ടിരുന്നു. നിരന്തരമായിട്ടുള്ള പരിശ്രമങ്ങൾക്ക് പരിസമാപ്തികുറിച്ചുകൊണ്ട് 1973-ൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുകയും ചെയ്തു. അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ.എം. മാണി പ്രത്യേകം താല്പര്യമെടുത്ത് പത്ത് സ്പെഷ്യൽ അസ്സസ്മെന്റ് ഓഫീസുകൾ തുറക്കുകയും പതിനായിരത്തോളം കുടിയേറ്റ കർഷകർക്ക് പട്ടയം നൽകാനുള്ള നടപടികളുമായിട്ട് മുന്നോട്ട് പോകുകയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക അനുമതി ലഭ്യമായിട്ടില്ല എന്ന വാദഗതിയുമായി ചില പരിസ്ഥിതി വാദികൾ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി പട്ടയ നടപടികൾ സ്റ്റേ ചെയ്യുകയും ചെയ്തത്. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി തന്നെ സമ്മതിക്കും അദ്ദേഹത്തിന്റെതായ പത്രക്കുറിപ്പ് വന്ന കാര്യം. 1995-ജനുവരി മാസം 31-ാം തീയതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി പത്രം ഹൈക്കോടതിയിൽ ഹാജരാക്കുകയും ഹൈക്കോടതി ഈ കേസിന്റെ എല്ലാ വശവും പരിശോധിച്ച് പട്ടയ നടപടികളുമായി മുന്നോട്ടു പോകാൻ അനുമതി നൽകുകയും ചെയ്തു. 1973-ലും 1993-ലും 1995-ലും ഇല്ലാതിരുന്ന ഒരു വ്യവസ്ഥ ഈ കേസിനുശേഷം പട്ടയ നടപടികൾ പുനരാരംഭിച്ചപ്പോൾ ഇപ്പോൾ കടന്നുകൂടി എന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. അതാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇവിടെ റവന്യൂ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ രണ്ടാമത്തെ ക്ലാസിൽ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Compensation to be paid by the occupants on account of injury caused to environment and the amount spent for compensation afforestation together is fixed as Rs. 500/- per acre.

സർ, ഈ വനഭൂമിയിൽ കൈയേറിയ കൃഷി ചെയ്യുന്ന കാലത്ത് ഉണ്ടാ യിരുന്ന പരിസ്ഥിതി പ്രശ്നത്തിനുള്ള കോമ്പൻസേഷൻ കൃഷിക്കാരിൽനിന്ന് ഈടാക്കണമെന്ന് പറയുന്നത്. കോടതി വിധിയൊന്നും ഞാൻ വിമർശിക്കു ന്നില്ല. ഇത് വളരെ അന്യായമാണ്, അശാസ്ത്രീയമാണ്. നാല് തലമുറകൾക്ക് അപ്പുറമായി ഹൈറേഞ്ചിൽ കുടിയേറി പാർത്ത് കാർഷിക സമ്പദ്ഘടനക്ക് വളരെ സംഭാവന നൽകിയ കുടിയേറ്റ കൃഷിക്കാരോടുള്ള അവഹേളനമാണ് ഇതെന്നു പറഞ്ഞാൽ തെറ്റിദ്ധരിക്കരുതെന്നാണ് പറയാനുള്ളത്. ഇവിടെ ഒരു കോടതിവിധിയെക്കുറിച്ച് പരാമർശമുണ്ടെങ്കിലും കോടതി ഇത്രരൂപ ഇന്ന കൃഷിക്കാരനിൽനിന്ന് ഈടാക്കണമെന്ന് പറഞ്ഞിട്ടില്ല. ഞാൻ ഒന്ന് വായി ക്കാം, ഗവൺമെന്റ് ഇക്കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. In the Government Order read above, the Committee was constituted for working out the guidelines and norms for determining the compensation to be paid by the occupants of the forest land prior to 1.1.1977 for assigning the land under the provisions of Kerala Land Assignment Rules. The Committee so constituted considered the amount being spent for afforestation scheme, extent and nature of the land under occupation, the socio-economic background of occupants, encroachers and other relevant factors and submitted the report to the Government in detail and the Government is pleased to issue the following guidelines and norms for collecting the compensation in addition to land value and survey charges etc. to be paid by the occupants for assigning the land under the provisions of the Kerala Land assignment special rules, 1993.

ഗവൺമെന്റ് ഒരു പ്രത്യേക കമ്മിറ്റിയെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു, കമ്മിറ്റി എല്ലാ വശവും പരിശോധിച്ചു. പരിശോധിച്ചപ്പോൾ കൃഷിക്കാരനിൽ നിന്ന് അയ്യായിരം രൂപ വച്ച് ഈടാക്കേണ്ടതാണെന്ന് കണ്ടു. 1950- ന് മുമ്പ് കുടിയേറി പാർത്തിരുന്ന കൃഷിക്കാരൻ അവന്റെ കൈവശഭൂമിയിൽ ഉണ്ടായി രുന്ന കൃഷി സ്ഥലം വികസിപ്പിച്ചതിന്റെ ഫലമായി കേരളത്തിന്റെ പരിസ്ഥിതി യ്ക്കുണ്ടായിരിക്കുന്ന ദോഷത്തിന് നഷ്ടപരിഹാരം ഈടാക്കണമെന്ന ഹൈക്കോടതിയുടെ കണ്ടെത്തലും ആ കണ്ടെത്തലിന് അനുസൃതമായി റവന്യു ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ നിഗമനവും ശരിയായില്ല. അത് കൃഷിക്കാരനോടുള്ള പ്രതികാര മനോഭാവത്തോടുകൂടിയാണ് എന്നാണ് എന്റെ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ നിഗമനമാണ് ഇവിടെ ഉത്തരവായി പുറത്തുവന്നിരിക്കുന്നത്. അതിൽ ഇരുപത്തിയഞ്ചു സെന്റുവരെയുള്ള ഭൂമിക്ക് പ്രത്യേകമായ കോമ്പൻസേഷൻ വേണ്ടയെന്ന് തീരുമാനിച്ചിട്ടുണ്ട്. അൻപതുസെന്റുവരെ യുള്ള ഭൂമിക്ക് യാതൊരു നഷ്ടപരിഹാരവും ഈടാക്കാതെ തന്നെ പട്ടയം നൽകാനുള്ള വ്യവസ്ഥയുണ്ടായിരുന്നു. അത് ഇരുപത്തിയഞ്ചു സെന്റായി കുറച്ചു എന്നതാണ് ഒരു കാര്യം. രണ്ടാമത്തെ ക്ളാസ് ആണ് വായിച്ചത്. അതിൽ അയ്യായിരം രൂപാവരെ കോമ്പൻസേഷൻ ഈടാക്കണമെന്ന് പറഞ്ഞി രിക്കുന്നു. ഇതിനകത്തെ പ്രധാന കാര്യമെന്നു പറയുന്നത് ഈ ഓർഡ റിൽതന്നെ പറഞ്ഞിരിക്കുന്നത് ലാന്റ് വാല്യൂവും സർവേ ചാർജും ഈടാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് പുറമേയാണ് ഈ കോമ്പൻസേഷൻ ഇനത്തിൽ അയ്യായിരം രൂപ ഏക്കർ ഒന്നിന് ഈടാക്കുന്നത് എന്നാണ്. സ്പെഷ്യൽ അസസ്മെന്റ് റൂൾ അനുസരിച്ച് നാല് ഏക്കർ വരെയാണ് പട്ടയം കൊടുക്കാനുള്ള വ്യവസ്ഥ. നാല് ഏക്കർ സ്ഥലത്തിന് പട്ടയം ലഭിക്കണമെങ്കിൽ 29600 രൂപ കൃഷിക്കാരന് നൽകണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ. ഭൂമിയുടെ വിലയ്ക്കനുസൃതമായ ആദായം കൃഷി ഭൂമിയിൽനിന്ന് ഉണ്ടാകില്ല എന്ന കാര്യം എല്ലാപേർക്കും അറിയാം. അതിന്റെ അടിസ്ഥാനത്തിൽ 29,600 രൂപയോ അല്ലെങ്കിൽ അതിന്റെ അനുസൃതമായ ഭൂമിയോ ഇടത്തര കൃഷിക്കാർക്ക് ഉണ്ടാകാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഈ ഓർഡറിൽ പറഞ്ഞിരിക്കുന്ന രണ്ടാമത്തെ ക്ലാസ് പൂർണ്ണമായും നീക്കം ചെയ്യുകയും ഈ ഓർഡർ പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയാറാകുകയും ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഒന്നു രണ്ടു പ്രശ്നങ്ങൾ കൂടി അനുബന്ധമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, ഈ ഇടുക്കി എന്നു പറയുന്നത് പദ്ധതികളുടെ നാടാണ്. എല്ലാ കാലത്തും പദ്ധതികൾക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടത്തും, ഇൻവെസ്റ്റിഗേഷൻ ഏരിയ നോട്ടിഫൈ ചെയ്യും, ഇൻവെസ്റ്റിഗേഷൻ വേണ്ടി നോട്ടിഫൈ ചെയ്ത ഏരിയകൾക്ക് പട്ടയം കൊടുക്കില്ല എന്നാണ് ഇപ്പോൾ അറിയുന്നത്. ഈ പദ്ധതികൾ പലതും ഉപേക്ഷിച്ചുപോയതാണ്. ഉദാഹരണമായി പെരിഞ്ചാംകുട്ടി എന്ന പദ്ധതി, ലോവർ പെരിയാർ പദ്ധതി വന്നതിനുശേഷം ആ പദ്ധതി ഇലക്ട്രിസിറ്റി ബോർഡ് ഉപേക്ഷിച്ചു. അങ്ങനെ പദ്ധതി പ്രദേശമായി മുൻകാലത്ത് നോട്ടിഫൈ ചെയ്ത പ്രദേശങ്ങൾ ഇപ്പോൾ വികസിത പ്രദേശങ്ങളാണ്. രാജാക്കാട് പട്ടണം സ്ഥിതി ചെയ്യുന്നത് ഈ പ്രദേശത്താണ്. ഇങ്ങനെ പദ്ധതികൾക്കുവേണ്ടി മുൻകാലത്ത് നോട്ടിഫൈ ചെയ്തതും പദ്ധതികൾ വേണ്ടെന്ന് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചതുമായ പ്രദേശങ്ങളിൽ പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കണം. ഇതുപോലെതന്നെ ഇടുക്കി ആദിവാസി ഭൂമി, ആദിവാസി സെറ്റിൽമെന്റുകൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ ഏറെ ദുഃഖകരമായ ഒരു കാര്യം അങ്ങ് ശ്രദ്ധിക്കണം. അങ്ങ് തർക്കത്തിന് തയാറാകരുത് എന്ന് ഞാൻ അപേക്ഷിക്കുന്നു. പട്ടയത്തിന്റെ ഒരു സങ്കല്പമെന്നു പറയുന്നത് പട്ടയം ഒരു അബ്സല്യൂട്ട് ടൈറ്റിൽ എന്നാണ്. 'Patta is an absolute title' എന്നാണ് നമ്മുടെ പ്രോപ്പർട്ടി ആക്ടിൽ പറയുന്നത്. ഇപ്പോൾ നൽകുന്ന പട്ടയം ട്രാൻസ്ഫർ ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമാണ് എന്നത് ദുഃഖകരമാണ്. ആ സാഹചര്യത്തിലേക്ക് നയിച്ച സംഭവങ്ങൾ ഉണ്ടാവുകയും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാക്കേണ്ടിവരും എന്ന ന്യായമൊക്കെയുണ്ട് എന്ന് എനിക്ക് അറിയാം. പക്ഷെ ട്രാൻസ്ഫർ ചെയ്യാൻ ആകാത്ത പട്ടയം ഒരു ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് കഴിയുകയില്ല. കുടിശ്ശികക്കാരന് തുക ഈടാക്കുന്നതിനുവേണ്ടി ആ സ്ഥലം ജപ്തിചെയ്താൽ ആ ജപ്തിവസ്തു മറ്റൊരാളിന് കൈമാറാൻ നിയമം അനുവദിക്കുന്നില്ല എന്നതുകൊണ്ട് ഈ പട്ടയം എന്ന പ്രയോഗത്തിന് പ്രയോജനം ലഭ്യമാകാതെ പോകും എന്ന കാര്യം എല്ലാപേർക്കും അറിയാവുന്നതിനാൽ Patta is an absolute title, and it shall be marketable, alienable and heritable ആയിരിക്കണം. അച്ഛൻ മകന് വസ്തു കൈമാറ്റണമെങ്കിൽ അബ്സലൂട്ട് ആയ ഒരു ടൈറ്റിൽ കൊണ്ടു മാത്രമേ കഴിയു. അതുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ തടസ്സങ്ങൾ നീക്കുന്നതിന് തയാറാകുകയും ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കാൻ തയാറാകുകയും വേണം. ഞാൻ ആദ്യം ചൂണ്ടികാണിച്ചതുപോലെ ഈ ഗവൺമെന്റ് ഉത്തരവിലെ രണ്ടാമത്തെ ക്ലാസ് നീക്കം ചെയ്യണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഉത്തരവ് മോഡിഫൈ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): ഇവിടെ ശ്രീ.അഗസ്തി പറഞ്ഞതിനെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ഞാൻ ചുരുക്കമായിട്ട് പറയാം. 1.1.1977- ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് 19.3.1993-ലെ 131/93/ റവന്യു എന്ന നമ്പർ ഉത്തരവ് പ്രകാരം പ്രത്യേകം തയാറാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് പട്ടയം നൽകിവരുന്നത്. അഞ്ചു ജില്ലകളിലായി 28,588 ഹെക്ടർ വനഭൂമിക്കാണ് പട്ടയം നൽകുന്നത്. ഈ പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തരുമ്പോൾ തന്നെ ചില നിബന്ധനകൾ കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരുന്നു. ആ നിബന്ധനകൾക്ക് വിധേയമായിട്ടാണ് നമ്മൾ ഇപ്പോൾ പട്ടയം കൊടുക്കാൻ ഉദ്ദേശിക്കുന്നത്. ആ നിബന്ധനകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായിട്ട് മരംവച്ച് പിടിപ്പിക്കാനുള്ള നടപടികൾ നടപ്പിലാക്കുകയും അതിന്റെ പ്രവർത്തനം തുടർന്ന് വരികയുമാണ്. അങ്ങനെ കുറേ കാര്യങ്ങൾ നമ്മൾ ചെയ്തു കഴിഞ്ഞു. 40.04 കോടി ഉറുപ്പിക നമ്മൾ ചെലവഴിച്ചു കഴിഞ്ഞു. 37,770 ഹെക്ടർ സ്ഥലത്ത് വനംവച്ച് പിടിപ്പിക്കുകയും ചെയ്തു. ഇനി 19410 ഹെക്ടർ സ്ഥലത്ത് വനം വച്ചുപിടിപ്പിക്കാനുണ്ട്. മൊത്തം 57,180 ഹെക്ടർ സ്ഥലം വനം വച്ചുപിടിപ്പിക്കണം എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധന. ആ നിബന്ധനകൾ കേരള ഗവൺമെന്റ് നടപ്പിലാക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് 1995-ൽ നമുക്ക് അനുമതി കിട്ടിയത്. അനുമതി കിട്ടികഴിഞ്ഞിട്ട് പട്ടയം ഉടനെതന്നെ കൊടുക്കാവുന്നതായിരുന്നു. എന്നാൽ 1993 ഒക്ടോബർ മാസത്തിൽ ഒരു പ്രകൃതി സ്നേഹി സംഘം- നാച്വർ ലവേഴ്സ് മൂവ്മെന്റ് ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരുന്നു. അവർ ആവശ്യപ്പെട്ടത് 1.1..1977 നു മുമ്പ് കൈയേറിയവർക്ക് പട്ടയം കൊടുക്കാനായി മാറ്റിവച്ച 28588 ഹെക്ടർ വനഭൂമിക്ക് പട്ടയം കൊടുക്കാനുള്ള നടപടി അസാധുവായി പ്രഖ്യാപിക്കണം എന്നാണ് അതിന് കുറേ കാരണങ്ങൾ അവർ പറഞ്ഞിട്ടുണ്ട്.

1993 ഒക്ടോബറിൽ ഫയൽ ചെയ്ത കേസിൻമേൽ 1994 ജനുവരി 28 -ന് സിംഗിൾ ബഞ്ച് വാദം കേട്ടു. അതിനുശേഷം ഇടക്കാല ഉത്തരവ് ആവശ്യപ്പെട്ടുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി അത് തള്ളി. ഗവൺമെന്റിന്റെ പട്ടയനടപടികൾ നിലവിലിരിക്കുന്ന സമയത്ത് നിരോധന ഉത്തരവ് ശരിയല്ലെന്ന് അഭിപ്രായപ്പെട്ട കോടതി ഈ കാലയളവിലുള്ള എല്ലാ പട്ടയം നൽകൽ നടപടികളും ഈ കേസിന്റെ അന്തിമതീരുമാനത്തിന് വിധേയമായിരിക്കുമെന്നും പറഞ്ഞിരുന്നു. സിംഗിൾ ബഞ്ചിൽ നിന്നും നിരോധന ഉത്തരവ് കിട്ടുന്നതിൽ പരാജയപ്പെട്ട കക്ഷി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ പോയി. 15.2.1994-ൽ കീഴ്ക്കോടതി വിധി നിലനിറുത്തിക്കൊണ്ട് റിട്ട് അപ്പീൽ തള്ളുകയും എന്നാൽ ഈ കാലയളവിൽ നൽകുന്ന പട്ടയങ്ങളിൽ കേസിന്റെ അന്തിമവിധിക്ക് വിധേയമായിരിക്കുമെന്ന് രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തു. അങ്ങനെ കേസുമായി അത് കുറേയേറെ നീണ്ടുപോയി. 1994 നവംബർ മാസംവരെ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഈ വിഷയത്തിൽ ഒരു സത്യവാങ്മൂലം അന്ന് സമർപ്പിക്കുകയുണ്ടായില്ല. അത് സമർപ്പിക്കാത്ത സാഹചര്യത്തിൽ ഇടക്കാല ഉത്തരവിനുവേണ്ടിയുള്ള കക്ഷിയുടെ 23.11.1994-ലെ രണ്ടാമത്തെ സി.എം.പി. യിൽ സംസ്ഥാന ഗവൺമെന്റിന്റെ

[11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

എതിർ സത്യവാങ്മൂലം അതുവരെ ഹാജരാക്കിയിട്ടില്ലെന്ന ഒറ്റകാരണത്താൽ പട്ടയം നൽകുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തു. അപ്പോൾ 1994 -വരെ ഗവൺമെന്റ് യഥാസമയം കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതുകൊണ്ടാണ് വീണ്ടും അതിന് കാലതാമസമായതും സ്റ്റേ വന്നതും. അങ്ങനെ ആ സ്റ്റേ തുടരുകയായിരുന്നു. അത് കഴിഞ്ഞ് രണ്ടുമാസം കഴിഞ്ഞ് 1995-ൽ വീണ്ടും പരിഗണനയ്ക്കെടുത്തപ്പോഴും ഈ എതിർ സത്യവാങ്മൂലത്തിന്റെ അഭാവം കോടതി പ്രത്യേകം പരാമർശിച്ചിട്ടുപോലും ഒ.പി. യിലും രണ്ട് സി.എം.പി. കളിലും എതിർ സത്യവാങ്മൂലം സമർപ്പിക്കുകയോ സ്റ്റേ ഒഴിവാക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. ഇതൊക്കെ കോടതിയുടെ പരാമർശങ്ങളുമായി ബന്ധപ്പെട്ട് ഞാൻ പറയുകയാണ്. അങ്ങനെയാണ് ഇതിൽ കാലതാമസം വരുന്നത്. ഞാൻ പറഞ്ഞുവരുന്നത്, ശ്രീ. ഇ. എം. അഗസ്തി പറഞ്ഞ ഒരു വിഷയത്തിലേക്ക് എത്തുന്നതിനുവേണ്ടിയാണ്. അങ്ങനെ അവസാനം ഈ സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് നടപടിയുണ്ടായത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോവുകയല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം 1985 മുതലുള്ള എല്ലാ രേഖകളും ഒന്ന് ഒഴിയാതെ ശേഖരിക്കുകയും അത് കോടതി മുമ്പാകെ ഹാജരാക്കി കേസിന്റെ വിധി അനുകൂലമാക്കാൻ ശ്രമം നടത്തുകയും ചെയ്തു. അതിനെകുറിച്ച് ഏറ്റവും കൂടുതൽ അറിയാവുന്നത് ശ്രീ. കെ.എം. മാണിക്കാണ്. രേഖകൾ കോടതിയിൽ ഹാജരാക്കിയതോടെ നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് കോടതിക്ക് ബോധ്യം വരുകയും അതിന്റെ അടിസ്ഥാനത്തിൽ കോടതി പട്ടയം നൽകുന്നതിന് അനുവദിക്കുകയും ചെയ്തു. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ കണ്ടീഷൻസ് നടപ്പിലാക്കുന്നുണ്ടെന്ന് കോടതിക്ക് ബോധ്യമായി. വനം വച്ചു പിടിപ്പിക്കാനുള്ള നടപടികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ബോധ്യമായി. അങ്ങനെ എല്ലാ വിശദാംശങ്ങളും കോടതിയിൽ കൊടുത്തത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. റവന്യൂ വകുപ്പ് ഈ കേസ് ഏറ്റെടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചതും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അതുവരെ ഇതിനൊക്കെ തടസ്സങ്ങൾ ഉണ്ടായിരുന്നു. അതിനെ സംബന്ധിച്ചൊക്കെ കോടതി പരാമർശങ്ങൾ ഉണ്ട്. പട്ടയം കൊടുക്കുന്നതിനുവേണ്ടി അനുമതി നൽകുമ്പോൾ കോടതി ചില നിബന്ധനകൾ വച്ചിരുന്നു. കൈവശക്കാർ നഷ്ടം നികത്തുന്ന തത്വം അനുസരിച്ച് ഓരോ കൈവശക്കാരനും അവൻ കൈയ്യേറിയിട്ടുള്ളതും പതിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന ഭൂമി വനേതര വിഷയങ്ങൾക്കായി ഉപയോഗിക്കുന്നതുമൂലം വരുത്തിയിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കി സംസ്ഥാന ഗവൺമെന്റ് നഷ്ടപരിഹാരം ആവശ്യപ്പെടണം; അത് വാങ്ങിയിരിക്കണം. അത് മുഴുവൻ വാങ്ങിയതിനുശേഷം മാത്രമേ പട്ടയം കൊടുക്കാൻ പാടുള്ളൂവെന്നത് ഈ പട്ടയം നൽകുന്നതിനുവേണ്ടിയുള്ള ഒരു കണ്ടീഷൻ ആണ്. അതുപോലെ കുറേയേറെ കണ്ടീഷൻസ് ഉണ്ട്. ഞാൻ അതെല്ലാം വായിക്കുന്നില്ല. അങ്ങനെ ഒരു കണ്ടീഷൻ കോടതി പറഞ്ഞതിനെത്തുടർന്നാണ് അത്തരം ഒരു നിലപാട് നമുക്ക് സ്വീകരിക്കേണ്ടി വന്നത്. കോടതി തന്നെ പറഞ്ഞു, അത് വനംവകുപ്പും റവന്യൂ വകുപ്പും സംയുക്തമായി പരിശോധിച്ച് തീരുമാനിക്കണമെന്ന്. അതനുസരിച്ച് വനം- റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി നഷ്ടപരിഹാരം കണക്കാക്കാൻ വേണ്ട നടപടി കൈക്കൊള്ളാൻ മാർഗ്ഗനിർദ്ദേശം സമർപ്പിക്കുന്നതിനുവേണ്ടി രൂപീകരിക്കണം. അങ്ങനെ അത് രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിൽ വനവൽക്കരണത്തിനുള്ള ചെലവും പ്രകൃതിക്കു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായ നഷ്ടവുംകൂടി അവർ പറഞ്ഞത് ഒരേക്കറിന് 7,50,707 രൂപ എന്നാണ്. അത് സഭക്ക് മനസ്സിലാക്കാൻവേണ്ടി പറയുകയാണ്. വനം വകുപ്പിനെയും റവന്യു വകുപ്പിനെയും ഇതിന് ചുമതലപ്പെടുത്തിയപ്പോൾ കൈവശപ്പെടുത്തിയിട്ടുള്ളവർ വനം നശിപ്പിച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള നഷ്ടവും വനം വച്ചു പിടിപ്പിക്കുന്നതിനുമായി ശരാശരി ഒരേക്കറിന് 7,50,707 രൂപയാണ് തിട്ടപ്പെടുത്തിയത്. ഒരേക്കർ ഭൂമിക്ക് പകരമായി നടക്കുന്ന വനവൽക്കരണത്തിനുമാത്രം 12,140 രൂപ ഇനി ചെലവ് വരുമെന്നും കണക്കാക്കി. അത്തരം ഒരു സാഹചര്യത്തിലാണ് കോടതിയുടെ പരമാർശങ്ങളിൽ നിന്നുകൊണ്ട് ഈ കൈവശക്കാരിൽനിന്ന് പട്ടയം നൽകുമ്പോൾ 'കോമ്പൻസേഷൻ' എന്നുള്ള നിലയിൽ ന്യായമായ ഒരു സംഖ്യ വാങ്ങേണ്ട പ്രശ്നം ഉൽഭൂതമാകുന്നത്. അങ്ങനെയാണ് ഇതുമായി ബന്ധപ്പെട്ട എല്ലാ കർഷകസംഘടനകളുടേയും പ്രതിനിധികളെ കൂടി വിളിച്ചുകൂടി അവരുമായികൂടി ചർച്ച ചെയ്തിട്ട് 5000 രൂപ ഒരേക്കറിന് എന്ന് തീരുമാനിച്ചത്. പലതരം കൈവശക്കാരുണ്ട്. ആ കൈവശക്കാരെ സംബന്ധിച്ച് ഒരു വ്യത്യസ്ത സമീപനം അക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മൊത്തം കൈവശക്കാരുടെ ഏകദേശ കണക്ക് ഞങ്ങൾ പ്രഖ്യാപിച്ചു. 25 സെന്റിന് താഴെയുള്ളവരെ ഒഴിവാക്കിക്കൊടുക്കണമെന്നാണ് എല്ലാവരുടെയും പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ അന്ന് തീരുമാനിച്ചത്. അങ്ങനെ 25 സെന്റിന് താഴെയുള്ളവരെ ഒഴിവാക്കികൊടുക്കുമ്പോൾ 10,337 പേർ അതു മാത്രം വരും. അതുപോലെ എസ്.സി/എസ്.ടി വിഭാഗങ്ങൾ അവരുടെ കൈവശം എത്ര ഭൂമിയുണ്ടെങ്കിലും അവരെ ഒഴിവാക്കണമെന്നാണ് തീരുമാനിച്ചത്. അത് 1,253 പേർ വരുന്നുണ്ട്. അങ്ങനെ 11,590 പേർ ഒഴിവാക്കപ്പെടേണ്ടവരാണ്. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമായിട്ടാണ് കൊടുക്കുന്നത്. പിന്നെ 25 സെന്റ് മുതൽ 50 സെന്റ് വരെ വരുന്നത് 6,957 പേരാണ്. അപ്പോൾ 5,000 രൂപ ഒരേക്കറിന് എന്ന് തീരുമാനിക്കുമ്പോൾ ഒരേക്കറിന് താഴെ എത്രവരുന്നുണ്ടോ അതിന്റെ തോതിന് അനുസരിച്ചുള്ള സംഖ്യയേ അവർക്ക് വരുന്നുള്ളു. അതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചത്. ഒരേക്കർ മുതൽ രണ്ട് ഏക്കർ വരെ 11,047 പേരുണ്ട്. രണ്ട് ഏക്കറിൽ കൂടുതൽ വരുന്നത് ഏകദേശം 25000- ത്തോളം പേരേ വരു. മൊത്തം 60,000-ത്തോളം കൈവശക്കാരാണുള്ളത്. പട്ടയമേള ഉദ്ഘാടനം ചെയ്ത് അവിടെ സംസാരിക്കുമ്പോൾ എല്ലാ കർഷക സംഘടനകളുടെ പ്രതിനിധികളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ഇക്കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീ.പി.ജെ. ജോസഫ് അതിനുമുമ്പുതന്നെ മെമ്മോറാണ്ടം തന്നിരുന്നു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. സി.എ. കുര്യനും ഇക്കാര്യം പറഞ്ഞിരുന്നു. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പതിനായിരക്കണക്കിന് കർഷകർ ഉണ്ടായിരുന്ന ആ യോഗത്തിൽവച്ച് കൃഷിക്കാരുടെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇത് അധികമാണെങ്കിൽ തീർച്ചയായും അത് കുറയ്ക്കാൻ ആവശ്യമായ നിലപാട് ഞങ്ങൾ സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ, ഈ പട്ടയം കൊടുക്കുന്നതിന് ഇവിടെ നമ്മൾ തീരുമാനിച്ചത് 1993-ലെ റൂൾ അനുസരിച്ചാണ്. 1993-ലെ റൂൾസ് ശ്രീ.കെ.എം. മാണി കൊണ്ടുവന്നതാണ്. ആ റൂൾസിൽ വ്യക്തമായി പറയുന്നത് ഈ ഭൂമി കുടുംബക്കാർക്കും മക്കൾക്കുമല്ലാതെ മറ്റാർക്കും കൈമാറ്റം ചെയ്യാൻ പാടില്ലെന്നാണ്. ഇത്തരം ഒരു പാര ബഹുമാനപ്പെട്ട കെ.എം. മാണി കൃഷിക്കാർക്ക് പണിയുമെന്ന് ഞങ്ങളാരും കരുതിയില്ല. പട്ടയം കൊടുക്കുമ്പോൾ ഞങ്ങൾ കൊണ്ടുവന്ന ഒരു കുടുക്കായിരിക്കുമെന്ന നിലയിൽ ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

ഇ.എം. അഗസ്തിയും വളരെ വികാരഭരിതനായിട്ട് ആ വിഷയത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ തന്നെ അതിന്റെ റൂൾസും കാര്യങ്ങളും വിശദമായിട്ട് പറഞ്ഞു, അത് 1993-ൽ റവന്യു വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി കൊണ്ടുവന്നതാണെന്ന്. അദ്ദേഹം ഒരു കർഷകമിത്രം അല്ലേ? അദ്ദേഹം അങ്ങനെ കൊണ്ടുവരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചതല്ല. ഏതായാലും അക്കാര്യത്തിൽ, മറ്റെല്ലാ കർഷകർക്കും നൽകുന്ന പട്ടയത്തിന്റെ അതേ രീതിയിൽതന്നെ പട്ടയം കൈമാറ്റം ചെയ്യാനുള്ള ക്രയവിക്രയ സ്വാതന്ത്ര്യത്തോടുകൂടിയുള്ള പട്ടയമായിരിക്കും. അതിനാവശ്യമായ അമെന്റ്മെന്റ് കൊണ്ടുവരുമെന്നുള്ളതും അന്ന്, 20-ാം തീയതി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും അവിടെ പറഞ്ഞിരുന്നതാണ്. അതുകൊണ്ട് അതിലൊന്നും ഒരാശങ്കയുടേയും ആവശ്യമില്ല.

സർ, പിന്നെ ഇവിടെ ഏറ്റവും വലിയൊരു പ്രചരണമുണ്ടാക്കിയത് സ്ഥാപനങ്ങൾക്ക് സ്കൂളുകൾക്ക്, അമ്പലങ്ങൾക്ക് പള്ളികൾക്ക് ഇവയ്ക്കൊന്നും പട്ടയം കിട്ടില്ല. ഇത് അത്രയും തട്ടിപ്പാണെന്നാണ്. അവിടെ ആ മഹാസമ്മേളനം ബഹിഷ്കരിച്ച ഒരു വിഭാഗക്കാരുണ്ട്. അവരാണ് അത് പ്രചരിപ്പിച്ചത്. അത് ആരാണെന്ന് പറയുന്നില്ല. ഈ കാര്യത്തിൽ ഒരാശങ്കയുടെയും ആവശ്യമില്ലെന്ന് അവിടെ പറഞ്ഞു. ഇവരൊക്കെ മുമ്പേതന്നെ മെമ്മോറാണ്ടം തരികയും ഞങ്ങളുമായി സംസാരിക്കുകയും ചെയ്തതാണ്. എല്ലാ കർഷകസംഘടനകളും ഈ ആവശ്യം ഉന്നയിച്ച് മെമ്മോറാണ്ടം തന്നിട്ടുണ്ട്. ആ വികാരം കണക്കിലെടുത്തതുകൊണ്ടാണ് ഇത് ഇന്നു സഭയിൽ വരുന്നതിന് എത്രയോ മുമ്പുതന്നെ ഞാനും മുഖ്യമന്ത്രിയും വളരെ വ്യക്തമായി കൃഷിക്കാരുടെ സമ്മേളനത്തിൽ ഈ വിഷയം പറഞ്ഞത്. ഇക്കാര്യത്തിൽ ആശങ്കയ്ക്ക് ഇടയില്ല. ഇതിൽ കർഷക വിരുദ്ധസമീപനങ്ങൾ ഏതൊക്കെയുണ്ടോ അതൊക്കെ ഞങ്ങൾ മാറ്റും. അത് മാറ്റി കർഷകർക്ക് ഈ 28588 ഹെക്ടർ ഭൂമിക്കും ആറ് മാസത്തിനുള്ളിൽ പട്ടയം കൊടുക്കും. അതിന് യാതൊരു സംശയവുമില്ല. ആരൊക്കെ തടസ്സപ്പെടുത്തുന്നുണ്ട്. ആരൊക്കെ തടസ്സപ്പെടുത്തിയാലും ശരി അതൊക്കെ പഴമുറംകൊണ്ട് മലവെള്ളം തടഞ്ഞുനിറുത്താൻ ശ്രമിക്കുന്നതുപോലെയാണ്. ഇതൊന്നും നടക്കാൻ പോകുന്നില്ല. ഞങ്ങൾ മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കാൻ പോവുകയാണ്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ഇടുക്കിയിലെ കുടിയേറ്റ മേഖലയായ ട്രൈബൽ മേഖലയിലെ കാര്യം പരിഗണിച്ച് ആദിവാസികൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ.കെ.ഇ. ഇസ്മയിൽ</u> : ഇതിന്റെ ഭാഗമായി കൈവശക്കാരായ മുഴുവൻ ആദിവാസികൾക്കും പട്ടയം കൊടുക്കും. അതല്ലാത്ത വനഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്കാണ് ഇപ്പോൾ കൈവശരേഖ കൊടുക്കുന്നത്. ഇനി അപൂർവ്വം സ്ഥലങ്ങളിലെ കൊടുക്കാനുള്ളൂ. മറ്റെല്ലാവർക്കും കൊടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly